**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 972** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് ബജറ്റിൽ വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി വിവിധ ബജറ്റുകളിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും ആകെ ബജറ്റിന്റെ എത്ര ശതമാനം വീതം ഈ രണ്ട് വിഭാഗത്തിനുമായി മാറ്റിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; ഓരോ വർഷവും എത്ര തുക വീതം അനുവദിച്ചുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും ചെലവഴിക്കാതെ ബാക്കിയായത് എത്രയെന്നും ചെലവിന്റെ ശതമാനം എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി വിവിധ ബജറ്റുകളിൽ വകയിരുത്തിയിട്ടുള്ള തുക, ചെലവ് എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ കൃത്യമായി ശേഖരിച്ചു നൽകുന്നതാണ് . |
| (ബി) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ അതിദരിദ്രരില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ പ്രഖ്യാപനം നടത്തിയിട്ടുള്ളതെന്നും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടത്തിയ Extreme Poverty Identification Process വഴി കണ്ടെത്തിയ അതിദരിദ്രരെ അതിദാരിദ്ര്യ മുക്തമാക്കിയിട്ടുണ്ട്. ഭക്ഷണം, വരുമാനം, ഭവനം, ആരോഗ്യം എന്നീ ഘടകങ്ങളാണ് അതിദരിദ്രരെ കണ്ടെത്താൻ ഉപയോഗിച്ചത്. അതിദാരിദ്ര്യ മുക്ത പരിപാടി നടപ്പിലാക്കുന്നതും ഇത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതും തദ്ദേശ സ്വയംഭരണ വകുപ്പാണ് . |

സെക്ഷൻ ഓഫീസർ